# കൃഷിനാശം 56,439 ഹെക്ടറിൽ

■ നഷ്ടം 1345 കോടി ■ ദുരിതബാധിതർ 3.09 ലക്ഷം

**മനോരമ ലേഖകൻ**

തിരുവനന്തപുരം● മഴക്കെടുതി മൂലം സംസ്ഥാനത്ത് 56,439.19 ഹെക്ടറിൽ (1,35,454 ഏക്കർ) കൃഷിനാശം. 1345 കോടിയിലേറെ രൂപയുടെ നഷ്ടമാണു കൃഷി വകുപ്പ് കണക്കാക്കുന്നത്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലാണു കൂടുതൽ നഷ്ടം.

ദുരിതബാധിതരായ കർഷകർ 3.09 ലക്ഷം. ഇവർക്കു മൊത്തം 233.84 കോടി രൂപ സഹായധനമായി നൽകും. ഏറ്റവും കൂടുതൽ പേർ കൃഷിനാശം നേരിട്ടത് ആലപ്പുഴ ജില്ലയിലാണ് - 78,733. പത്തനംതിട്ട ജില്ലയിൽ 59,555 പേരും കോട്ടയം ജില്ലയിൽ 41,267 പേരുമുണ്ട്. മറ്റു പ്രധാന ജില്ലകൾ

**മരണം**

**322**

**മഴക്കെടുതികളിൽ**
ഈ മാസം എട്ടുമുതൽ
ഇതുവരെ മരിച്ചവർ 322.

ഇവ: ഇടുക്കി- 27,239, മലപ്പുറം- 26,527, പാലക്കാട് - 17,376.

25,370.59 ഹെക്ടറിലെ നെൽകൃഷി പാടെ നശിച്ചു. നഷ്ടം 380.55 കോടി. 34.25 കോടി രൂപ സഹായമായി നൽകണമെന്നു കൃഷിവകുപ്പു കണ്ടെത്തിയിട്ടുണ്ട്. 564.90 ഹെക്ടറിലെ ഞാറ്റടി നശിച്ചതു മൂലമുള്ള നഷ്ടം 8.47 കോടി. 3564.50 ഹെക്ടറിലെ പച്ചക്കറി കൃഷി നശിച്ചു.

അരിക്കായി കേരളം ഇനി മറ്റു സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കേണ്ടി വരും. സംസ്ഥാനത്തിന് വർഷം 40 ലക്ഷം ടൺ അരി വേണം.

നെൽകൃഷി വ്യാപനത്തിനു സർക്കാർ പദ്ധതികൾ നടപ്പാക്കി വരുന്നതിനിടെയാണു പ്രളയമുണ്ടായത്.

കാഴ്ചപ്പാട്
മുഖപ്രസംഗം● കൈത്താങ്ങ് വേണം, കർഷകർക്ക്

# എല്ലാ കർഷകർക്കും നഷ്ടപരിഹാരം

■ വിള ഇൻഷുറൻസ് ഉള്ളവർക്ക് കൂടുതൽ തുക

കണ്ണൂർ● പ്രളയത്തിൽ കൃഷി നശിച്ച എല്ലാ കർഷകർക്കും നഷ്ടപരിഹാരം നൽകാൻ സർക്കാർ ഉത്തരവ്. വിള ഇൻഷുറൻസ് ഉള്ളവർക്കു മാത്രം നഷ്ടപരിഹാരം നൽകിയാൽ മതിയെന്ന മുൻതീരുമാനം തൽക്കാലം പരിഗണിക്കേണ്ടെന്നാണു നിർദേശം. എന്നാൽ വിള ഇൻഷുറൻസ് ഉള്ളവർക്കു കൂടുതൽ സഹായം ലഭിക്കും.

ഇൻഷുറൻസ് പദ്ധതിയിൽ ചേർന്ന കർഷകനു കായ്ഫലമുള്ള ഒരു തെങ്ങ് നഷ്ടപ്പെട്ടാൽ 2000 രൂപ ഇൻഷുറൻസ് നഷ്ടപരിഹാരവും 700 രൂപ പ്രകൃതിക്ഷോഭ നഷ്ടപരിഹാരവും ലഭിക്കും. എന്നാൽ പദ്ധതിയിൽ ചേരാത്തവർക്ക് 700 രൂപ മാത്രമേ ലഭിക്കൂ. അതുതന്നെ കൃഷി വകുപ്പിന്റെയും റവന്യു വകുപ്പിന്റെയും രണ്ടു ഗഡുക്കളായാകും നൽകുക.

വിള ഇൻഷുറൻസ് പ്രോൽസാഹിപ്പിക്കാനാണു മറ്റു നഷ്ടപരിഹാരങ്ങൾ നൽകേണ്ടതില്ലെന്നു സർക്കാർ നേരത്തേ തീരുമാനിച്ചത്. എന്നാൽ പകുതി കർഷകർ പോലും പദ്ധതിയിൽ അംഗങ്ങളല്ല.

നേർക്കാഴ്ച